ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.06.2025**

## പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയും പരാഗ്വേ പ്രസിഡൻറ് സാൻറിയാഗോ പെന പലാസിയോസുമായുള്ള കൂടിക്കാഴ്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

2) സ്കൂൾ സംവിധാനങ്ങളെയാകെ ഒരു കുടക്കീഴിൽ കൊണ്ടു വരാനാണ് സർക്കാർ ശ്രമമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ; സംസ്ഥാന സ്കൂൾ പ്രവേശനോത്സവം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു .

3) സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം ; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

4) നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പ്രചാരണച്ചൂടിലേക്ക്; എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജ് നാമനിർദ്ദേശപത്രിക നൽകി; തൃണമൂൽ സ്ഥാനാർത്ഥിയായി പത്രിക നൽകാൻ പി.വി അൻവർ.

5) ഐപിഎൽ ക്രിക്കറ്റിൽ, നാളെ കിരീടപ്പോരാട്ടം ; ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും.

******************************

RNUTVPM

## പരാഗ്വേ പ്രസിഡന്റ്

പരാഗ്വേ പ്രസിഡൻറ് സാൻറിയാഗോ പെന പലാസിയോസ് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി പ്രസിഡൻറ് പെനയുടെ കൂടിക്കാഴ്ച പുരോഗമിക്കുകയാണ്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ എന്നിവരുമായും പരാഗ്വേ പ്രസിഡൻറ് കൂടിക്കാഴ്ച നടത്തും.

*****************************

## പ്രധാനമന്ത്രി - വ്യോമയാന സമ്മേളനം

International air transport association - IATA യുടെ 81-ാമത് പൊതുയോഗത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന സമ്മേളനത്തിൽ ആഗോള വ്യോമയാന മേഖലയിലെ പ്രമുഖർ, അന്താരാഷ്ട്ര മാധ്യമ പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെ 1,600 ലധികം പേർ പങ്കെടുക്കും. വ്യോമയാന മേഖലയെ സംബന്ധിച്ച പ്രധാന വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

RNU TVPM

*****************************

## മുഖ്യമന്ത്രി - പ്രവേശനോത്സവം (ഇൻട്രോ)

സ്കൂൾ സംവിധാനങ്ങളെയാകെ ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് സർക്കാർ ശ്രമമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആലപ്പുഴ കലവൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രവേശനോത്സവത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അറിവ് ലഭിക്കുന്നതിലേക്ക് മാത്രമായി വിദ്യാലയ ജീവിതം ചുരുങ്ങരുതെന്നും അക്കാദമിക മികവ് വളർത്താനുള്ള ഭരണപരമായ നടപടികൾ പുരോഗമിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. മികച്ച ജീവിതം

കെട്ടിപ്പടുക്കാൻ അറിവിനൊപ്പം വിവേകവും വേണമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

( വോയിസ്.....)

വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷനായി. മന്ത്രിമാരായ സജി ചെറിയാൻ, പി പ്രസാദ് , ജനപ്രതിനിധികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

******************************

## പ്ലസ് വൺ - അലോട്ട്മെൻറ്

പ്ലസ് വൺ പ്രവേശനത്തിനായുള്ള ആദ്യ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. ആദ്യ അലോട്ട്മെൻറ് പ്രകാരമുള്ള പ്രവേശനം വ്യാഴാഴ്ച പൂർത്തിയാകും. ഈ മാസം10 ന് രണ്ടാം അലോട്മെന്റും,16 ന് മൂന്നാം അലോട്ട്മെന്റും പ്രസിദ്ധീകരിക്കും. 18 നാണ് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുക.

RNU TVPM

******************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിൽ വിവിധയിടങ്ങളിൽ വലിയ നാശനഷ്ടമാണുണ്ടായത്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഏർപ്പെടുത്തിയ വിലക്ക് തുടരും.

******************************

## കുട്ടനാട് - മഴ (ഇൻട്രോ)

കുട്ടനാട്ടിൽ ജലനിരപ്പ് താഴ്ന്നതോടെ ജനങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും വീടുകളിലേക്ക് മടങ്ങിത്തുടങ്ങി. വെള്ളം ഇറങ്ങിയതോടെ അമ്പലപ്പുഴ- തിരുവല്ല സംസ്ഥാന പാതയിൽ

കെഎസ്ആർടിസി സർവീസ് പുനരാരംഭിച്ചു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...**

(വോയിസ്...)

******************************

## നിലമ്പൂർ-തിരഞ്ഞെടുപ്പ്

നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജ് അൽപ്പം മുൻപ് നാമനിർദ്ദേശപത്രിക നൽകി. തൃണമൂൽ സ്ഥാനാർത്ഥിയായി പത്രിക നൽകുമെന്നും ചിഹ്നം അംഗീകരിച്ചില്ലെങ്കിൽ സ്വതന്ത്രനായി മത്സരിക്കുമെന്നും മുൻ എംഎൽഎ പി.വി അൻവർ പറഞ്ഞു. എൻ.ഡി.എ സ്ഥാനാർത്ഥി മോഹൻ ജോർജും ഇന്ന് പത്രിക നൽകുമെന്നാണ് വിവരം. യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത്, നേരത്തെ പത്രിക നൽകിയിട്ടുണ്ട്. നിലമ്പൂരിൽ ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

RNU TVPM

******************************

## മന്ത്രി കെ എൻ ബാലഗോപാൽ

കെഎസ്ആർടിസിക്ക് 93.73 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. പെൻഷൻ വിതരണത്തിനായി 73.73 കോടി രൂപയും, മറ്റു കാര്യങ്ങൾക്കുള്ള സാമ്പത്തിക സഹായമായി 20 കോടി രൂപയുമാണ് അനുവദിച്ചത്. ഈ സർക്കാരിന്റെ കാലത്ത് 6401 കോടിയോളം രൂപയാണ് കെഎസ്ആർടിസിക്ക് നൽകിയത്.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************

## വികസിത കൃഷി സങ്കൽപ്പ് അഭിയാൻ

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാൻ സംസ്ഥാനത്ത് പുരോഗമിക്കുന്നു. ഈ മാസം 12 വരെയാണ് ക്യാമ്പയിൻ. കാർഷിക രംഗത്തെ വിദഗ്ധരും ഗവേഷകരും നൂതന സാങ്കേതിക വിദ്യകൾ കർഷകരുമായി പങ്കു വയ്ക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും.

*****************************

## റേഷൻ

സംസ്ഥാനത്ത് മേയ് മാസത്തെ റേഷൻ വിതരണം ബുധനാഴ്ച വരെ ലഭ്യമാകും. കാലവർഷ സാഹചര്യം കണക്കിലെടുത്താണ് നടപടി. അതിനിടെ, ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ വെള്ള, നീല പൊതുവിഭാഗം റേഷൻ കാർഡുകൾ പിങ്ക് കാർഡ് വിഭാഗത്തിലേയ്ക്ക് തരം മാറ്റുന്നതിന് ഇന്ന് മുതൽ അവസരമുണ്ടാകും. അർഹരായ കാർഡുടമകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം ഈ മാസം 15 വരെ അപേക്ഷ നൽകാം.

RNU TVPM

*****************************

## കോവിഡ്

രാജ്യത്തുടനീളം ഇതുവരെ മൂവായിരത്തി തൊള്ളായിരത്തി അറുപതിലധികം കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഏറ്റവും കൂടുതൽ കേസുകൾ

റിപ്പോർട്ട് ചെയ്യുത് കേരളത്തിലാണ് - 1035 എണ്ണം. മഹാരാഷ്ട്രയിൽ 506 ഉം ഡൽഹിയിൽ 483 ഉം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

******************************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ, നാളെ നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും. അഹമ്മദാബാദിൽ രാത്രി 07.30 ന് ആണ് മത്സരം. ഇന്നലെ രാത്രി നടന്ന ക്വാളിഫയർ 2 മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ 5 വിക്കറ്റിന് പരാജയപ്പെടുത്തിയാണ് പഞ്ചാബ് കിംഗ്സ് കലാശ പോരാട്ടത്തിന് യോഗ്യത നേടിയത്. ഐപിഎല്ലിൽ ഇതുവരെ കിരീടം നേടിയിട്ടില്ലാത്ത രണ്ട് ടീമുകളാണ് നാളെ ഫൈനലിൽ മാറ്റുരയ്ക്കുന്നത്. ആരുജയിച്ചാലും പുതിയൊരു ചാമ്പ്യന്റെ പിറവിക്കാകും ക്രിക്കറ്റ് ലോകം സാക്ഷ്യം വഹിക്കുക.

******************************

## ഫ്രഞ്ച് ഓപ്പൺ

പാരീസിലെ റോളണ്ട് ഗാരോസിൽ നടക്കുന്ന ഫ്രഞ്ച് ഓപ്പൺ ടൂർണമെന്റിൽ പുരുഷ സിംഗിൾസിൽ നിലവിലെ ചാമ്പ്യനായ സ്പെയിനിന്റെ കാർലോസ് അൽക്കരസ് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. പ്രീ ക്വാർട്ടറിൽ അമേരിക്കൻ താരം ബെഞ്ചമിൻ ഷെൽട്ടണെയാണ് അൽക്കരസ് പരാജയപ്പെടുത്തിയത്. വനിതാ സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം ആര്യന സബലെങ്ക , നിലവിലെ ചാമ്പ്യൻ ഇയ സ്വിയാടെക് എന്നിവരും ക്വാർട്ടർ ഫൈനലിൽ കടന്നു.

******************************

RNU TVPM

## ഇടുക്കി വെള്ളച്ചാട്ടം... (ഇൻട്രോ)

വറ്റി വരണ്ട് കിടന്നിരുന്ന ഹൈറേഞ്ചിലെ വെള്ളച്ചാട്ടങ്ങൾ മഴക്കാലമെത്തിയതോടെ ജലസമൃദ്ധമായി. വെള്ളച്ചാട്ടങ്ങളുടെ ഭംഗി ആസ്വദിക്കാൻ ഇടുക്കിയിലേക്ക് ധാരാളം സഞ്ചാരികളാണ് എത്തുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്......**

**(വോയ്സ്)**

*******************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 265 പോയിന്റ് താഴ്ന്ന് 81,186 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 73 പോയിന്റ് നഷ്ടത്തിൽ 24,680 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കൂടി. ഗ്രാമിന് 30 രൂപ വർദ്ധിച്ച് 8,950 രൂപയും പവന് 71,600 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*******************************

## ഇടുക്കി സ്കൂൾ - പ്രതിഷേധം

ഇടുക്കി അടിമാലി സർക്കാർ ഹൈസ്കൂളിൽ ഒൻപതാം ക്ലാസിലെ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ നിർത്തലാക്കരുതെന്ന് ആവശ്യപ്പെട്ട് രക്ഷിതാക്കളുടെയും വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളുടെയും പ്രതിഷേധം. അപ്രതീക്ഷിതമായി ഡിവിഷൻ നിർത്തലാക്കാൻ തീരുമാനിച്ചാൽ വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുമെന്ന് പ്രധാന അധ്യാപികയുടെ ഓഫീസിൽ പ്രതിഷേധിച്ച രക്ഷിതാക്കൾ പറഞ്ഞു. പോലീസ് എത്തി ഓഫീസിൽ നിന്നും പ്രതിഷേധക്കാരെ മാറ്റി. തൽസ്ഥിതി തുടരാമെന്ന ഉറപ്പിൻമേൽ പ്രതിഷേധം അവസാനിച്ചു.

******************************

## എം.ബി.രാജേഷ്

കുടുംബശ്രീ നടത്തുന്ന വലിയ സാമൂഹ്യ ഇടപെടലിൻറെ മികച്ച ഉദാഹരണമാണ് ബഡ്സ് സ്കൂളുകളും പുനരധിവാസ കേന്ദ്രങ്ങളുമെന്ന് മന്ത്രി എം.ബി.രാജേഷ്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള ബഡ്സ് സ്കൂളുകളുടെ പ്രവേശനോത്സവം എറണാകുളം പുത്തൻകുരിശ് വടവുകോട് ബഡ്സ് റീഹാബിലിറ്റേഷൻ സെൻററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ 378 ബഡ്സ് സ്ഥാപനങ്ങളിലും ഇന്ന് പ്രവേശനോത്സവം നടന്നു.

******************************

## പി എ മുഹമ്മദ് റിയാസ്-റോഡ്

RNUTVPM

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ മുൻകൂർ അനുമതിയില്ലാതെ കുഴിക്കരുതെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. ഏതു വകുപ്പിൻറെ ആഭിമുഖ്യത്തിലാണ് കുഴിക്കൽ നടപടിയെന്ന് ജില്ല കളക്ടർ പരിശോധിക്കണമെന്ന് മന്ത്രി നിർദേശിച്ചു. കുടിവെള്ള പ്രശ്നം പോലെ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പ്രാധാന്യമനുസരിച്ച് മാത്രം റോഡ് കുഴിക്കാൻ അനുമതി നൽകിയാൽ മതിയെന്നും കോഴിക്കോട് കലക്ടറേറ്റിൽ ചേർന്ന യോഗത്തിൽ മന്ത്രി പറഞ്ഞു.

******************************

## വൈശാഖ മഹോത്സവം

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിൻറെ മുന്നോടിയായ നീരെഴുന്നള്ളത്ത് ഇന്ന്. ഈ മാസം എട്ടിന് നെയ്യാട്ടത്തോടെയാണ് വൈശാഖ മഹോത്സവം ആരംഭിക്കുക.

************************************************************************************